(എ) മത്സ്യ മേഖലയിലുള്ളവർക്ക് ഗുണകരമായ എന്തെല്ലാം പദ്ധതികൾ അംഗീകാരം ലഭിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിനും പ്ലാനിംഗ് കമ്മീഷനും സമർപ്പിച്ചിട്ടുണ്ട്;

(ബി) ഇവയെപ്പറ്റി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിക്ക് എന്ത് ചെലവ് വരുമെന്ന് കണക്കാക്കുന്നു;

(ഡി) 'പ്രസ്തുത പദ്ധതിക്ക് അംഗീകാരം എന്നത്തേയ്ക്ക് ലഭിക്കുമെന്നാണ് കരുതുന്നത്?

ഉത്തരം

(എ) മത്സ്യമേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 505 കോടി രൂപയുടെ ഒരു പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 505 കോടി രൂപ.

(ഡി) ഈ സാമ്പത്തിക വർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കലാവർ കമ്മിറ്റി ശുപാർശ

19 [5395] ശ്രീ. ശ്രീ. ബിനോയ് വിശ്വം:
,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984-ലെ കലാവർ കമ്മിറ്റി ശുപാർശകളിൽ ഏതെല്ലാം ഇതുവരെ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇതുവരെ എത്ര യന്ത്രവൽകൃത ബോട്ടുകൾക്ക് രജിസ്ട്രേഷനും ലൈസൻസും നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; ഇതിൽ പ്രവർത്തനക്ഷമമായിട്ടുള്ള എത്ര യന്ത്രവൽകൃത ബോട്ടുകളുണ്ട്; ഇത് നമ്മുടെ കടൽത്തീരത്തിന് താങ്ങാവുന്നതല്ലെന്ന അഭിപ്രായമുണ്ടോ;

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കലാവർ കമ്മിറ്റി ശുപാർശകളിൽ താഴെ പറയുന്നവ അംഗീകരിച്ചിട്ടുണ്ട്:

1. ട്രോൾ വലകളുടെ കോഡ് എൻഡിമെന്റ് കണ്ണി വലിപ്പം ഏറ്റവും കുറഞ്ഞത് 35 മില്ലീമീറ്റർ ആയിരിക്കണം എന്ന് നിജപ്പെടുത്തി.
2. വിവിധ രീതികളിലുള്ള മത്സ്യബന്ധനത്തിന് കടലിൽ ദൂരപരിധി നിർണ്ണയിച്ചിട്ടുണ്ട്.
3. സംസ്ഥാനത്തിന്റെ ടെറിട്ടോറിയൽ പ്രദേശത്ത് രാത്രികാല ട്രോളിംഗ് നിരോധനം ഏർപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly

4. ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ അനധികൃത ഊന്നിവല/ചീനവല ഇവയുടെ പ്രവർത്തനം സംബന്ധിച്ച് പഠിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചു. കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. അനധികൃത ഊന്നി/ചീനവലകളും നിരോധിത മത്സ്യബന്ധന പ്രവർത്തനങ്ങളും ഏറ്റം കെട്ടും തടയുന്നതിനായി നിലവിലുള്ള ഫിഷറീസ് നിയമത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നുണ്ട്. ഓരുജല മത്സ്യകൃഷി വ്യാപകമാക്കുന്നതിന് ഓരുജല മത്സ്യ കർഷക വികസന ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. കലാവർ കമ്മിറ്റിയുടെ മറ്റ് ശുപാർശകൾ പൂർണ്ണമായി നടപ്പാക്കുന്നതിനുവേണ്ടി സമഗ്ര ഉൾനാടൻ ഫിഷറീസ് ബിൽ തയ്യാറാക്കി വരുന്നു.

(ബി) സംസ്ഥാനത്ത് ഇതുവരെ 4,154 യന്ത്രവൽകൃത ബോട്ടുകൾക്ക് രജിസ്ട്രേഷനും ലൈസൻസും നൽകിയിട്ടുണ്ട്. ഇതിൽ 1,242 ബോട്ടുകളുടെ രജിസ്ട്രേഷൻ ലൈസൻസ് റദ്ദ് ചെയ്തിട്ടുണ്ട്. എത്ര ബോട്ടുകൾ പ്രവർത്തനക്ഷമമാണെന്ന് വ്യക്തമായ കണക്കുകൾ ലഭ്യമല്ല. ഇപ്പോൾ ഉള്ള ബോട്ടുകൾ നമ്മുടെ കടൽത്തീരത്തിന് താങ്ങാവുന്നതാണെന്നും അല്ലെന്നുമുള്ള വ്യത്യസ്ത അഭിപ്രായമാണ് ജില്ലാതലത്തിൽനിന്ന് ലഭിച്ചിട്ടുള്ളത്.

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി മൺസൂൺ കാലത്ത് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിവരുന്നു. കൂടാതെ വിവിധ ക്ഷേമ പദ്ധതികളും നടപ്പാക്കുന്നുണ്ട്. അവ അനുബന്ധത്തിൽ കൊടുക്കുന്നു.†

മൽസ്യോൽപ്പന്ന കയറ്റുമതി

20 [5396] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന് സമുദ്രോല്പന്ന കയറ്റുമതി നടത്തിയതിൽ എന്ത് വിദേശനാണ്യം ലഭ്യമായി എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തുനിന്നും ഏറ്റവും കൂടുതൽ കയറ്റുമതി ചെയ്യുന്ന സമുദ്രോൽപന്നം/മത്സ്യം ഏതാണെന്നും, ഈ സർക്കാർ വന്നതിനുശേഷം എന്തുമാത്രം മത്സ്യവും ഇതര സമുദ്രോൽപന്നവും കയറ്റുമതി ചെയ്തു എന്നും വിശദമാക്കുമോ;

(സി) അന്താരാഷ്ട്ര കമ്പോളത്തിൽ വില വർദ്ധിക്കുന്നതിനനുസരിച്ച് കയറ്റുമതി നടത്തുന്ന മത്സ്യങ്ങൾ ആനുപാതികമായ വിലയും കൂലിയും മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001-02, 2002-03 വർഷത്തിൽ താൽക്കാലിക കണക്കുപ്രകാരം സമുദ്രോല്പന്ന കയറ്റുമതിയിനത്തിൽ യഥാക്രമം 950.55, 1013.39 കോടി രൂപയുടെ വിദേശനാണ്യം ലഭിച്ചു.

(ബി) കൊഞ്ച് ഇനത്തിൽപ്പെട്ട മത്സ്യമാണ് ഏറ്റവും കൂടുതൽ കയറ്റുമതി ചെയ്യുന്നത്. രണ്ടാം സ്ഥാനത്ത് കണവ വർഗ്ഗത്തിൽപ്പെട്ട മത്സ്യമാണ്.

2001-02 വർഷത്തിൽ 72,256 മെ. ടൺ സമുദ്രോല്പന്നം/മത്സ്യവും 2002-03 സാമ്പത്തിക വർഷത്തിൽ 79,003 മെ.ടൺ മത്സ്യവും ഇതര ഉല്പന്നവും, 2003-04-ൽ ഏപ്രിൽ മുതൽ ജൂൺ മാസാവസാനംവരെ 12,456 മെ.ടൺ (താൽക്കാലികം) മത്സ്യവും കയറ്റുമതി ചെയ്തു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly